▌ നഹാസ് മാള

# സൂക്ഷ്മതയുടെ ഇടങ്ങൾ

عَنْ عَطِيَّة بن عُرْوَة السَّعَدِي رَضِي اللَّه عنه قال: قَال رَسُولُ اللَّه ﷺ: لاَ يَبْلُغُ العَبْدُ أنْ يَكُونَ مِنَ المُتَّقِين حَتَى يَدَعَ مَالاَ بَأْسَ بِهِ حَذَرًا لِمَا بِهِ البَأْسُ.

**അത്വിയ്യത്തുബ്നു ഉർവത്തുസ്സഅ്ദി(റ)യിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: "ഉപദ്രവമില്ലാത്ത സംഗതി പോലും ഉപദ്രവം ഭയന്ന് ഉപേക്ഷിക്കുന്നത് വരെ ഒരു അടിമ ഭയഭക്തരിൽ ഉൾപ്പെടില്ല" (തുർമുദി)**

**ജീ**വിതത്തിന്റെ നാനാ തുറകളിലും താൻ കാഴ്ചവെക്കുന്ന ഓരോ പ്രവൃത്തിയും സംശുദ്ധമാക്കാനും ദൈവപ്രീതി നേടുന്നതിനുപകരിക്കാനും സത്യവിശ്വാസി സദാ ശ്രമിച്ചുകൊണ്ടിരിക്കും. ഓരോ മേഖലയിലും സൽകർമങ്ങൾ മാത്രം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഘടകമായി ഈ ജാഗ്രത വർത്തിക്കുകയും ചെയ്യുന്നു. വിശ്വാസിയുടെ സൂക്ഷ്മതയുടെ ഇടങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു പ്രസ്തുത ഹദീസിന്റെ ഉള്ളടക്കം.

സകല മേഖലകളിലും നാം കയ്യൊഴിച്ച അച്ചടക്ക മര്യാദകൾ ഏറ്റവും കൂടുതലായി നിഷ്കർഷിക്കപ്പെട്ടത് സാമ്പത്തിക രംഗത്താണ്. ഇസ്‌ലാമിക ബാലപാഠങ്ങൾ പോലും ഈ രംഗത്ത് പലരും സൗകര്യപൂർവം വിസ്മരിക്കുന്നു. അടുത്തിടെ കേട്ട തട്ടിപ്പുമാമാങ്കങ്ങളിൽ ഇരയായവർ ബഹുഭൂരിഭാഗവും സമുദായ പക്ഷത്തുനിന്നായതിൽ അത്ഭുതത്തിന് ഒരുവകയുമില്ല.

പണം സമ്പാദിക്കൽ മാത്രം ലക്ഷ്യമാക്കിയ സമൂഹത്തിന്റെ അനിവാര്യ ദുരന്തമായി വേണമെങ്കിൽ നമുക്കിതിനെ വായിക്കാം. അന്യന്റെ അജ്ഞതയും കഴിവുകേടും തന്റെ വരുമാനമാർഗമാക്കി മാറ്റുന്ന ഒരു കൂട്ടം സാമൂഹിക ദ്രോഹികളുടെ ഏർപ്പാടായും ഇതിനെ വായിക്കാം. എന്നാൽ ഒരു ശരാശരി മുസ്‌ലിമിനെ കുടുക്കാൻ പറ്റുന്ന സംഗതിയായി ഇത് മാറുന്നത് സാമ്പത്തിക രംഗത്തെ ചില ചിട്ടവട്ടങ്ങളെ നാം മറന്നതുകൊണ്ടു തന്നെയാണ്.

പണം സമ്പാദിക്കാൻ പ്രോത്സാഹനം നൽകിയ ഇസ്‌ലാം, ഏറ്റവും വലിയ ഉത്തരവാദിത്വമായി അതിനെ അവതരിപ്പിക്കുകയും ചെയ്തു. വിചാരണ വേളയിൽ കാൽപാദം മുന്നോട്ടുനീക്കാൻ പോലും സാമ്പത്തിക രംഗത്തെ വിറ്റുവരവുകണക്കുകൾ ബോധ്യപ്പെടുത്തേണ്ടതുണ്ടെന്നും പ്രവാചകൻ ഉണർത്തി. എന്തിൽ നിന്നാണ് തന്റെ വരുമാനമെന്നും ഏതൊന്നിലാണ് തന്റെ നിക്ഷേപമെന്നുമുള്ള ചോദ്യങ്ങൾ അനുബന്ധമായി ഉണ്ടാകും.

കച്ചവടത്തിന്റെ പ്രാഥമിക മര്യാദകളിലൊന്നുപോലും പാലിക്കാതെ പ്രവർത്തിക്കുന്ന കമ്പനികളിലേക്കും ഗ്രൂപ്പുകളിലേക്കും എങ്ങനെയാണ് പണമൊഴുകിയത്?! കച്ചവടത്തിന്റെ നിഷിദ്ധ രൂപങ്ങളെ പരിചയപ്പെടുത്തിയ ഇസ്‌ലാം വഞ്ചനക്കും കൊള്ളലാഭത്തിനും ചൂഷണത്തിനും ഇടയാക്കുന്ന ഒന്നിനെയും ഒഴിവാക്കിയിട്ടില്ല. മാർക്കറ്റ് വില അറിയാതെ കച്ചവടത്തിന് വരുന്ന ഗ്രാമീണന്റെ ചരക്ക് വഴിയിൽ വെച്ച് കച്ചവടമുറപ്പിക്കൽ, കല്ലും വടിയുമെറിഞ്ഞ് ഭാഗ്യം പരീക്ഷിച്ച് കച്ചവടമുറപ്പിക്കുന്ന ജാഹിലിയ്യ രീതി, ഇല്ലാത്ത മേന്മകൾ പെരുപ്പിച്ച് പറഞ്ഞ് കള്ളസത്യം ചെയ്ത് ഉപഭോക്താവിനെ പാട്ടിലാക്കുന്ന രീതി... ഇവയെല്ലാം നിഷിദ്ധമാക്കപ്പെട്ടതായി പ്രവാചക വചനങ്ങളിൽ നാം പഠിച്ചറിഞ്ഞതാണ്.

തട്ടിപ്പ് നടത്താൻ പലരും ഉപയോഗപ്പെടുത്തിയ 'ദീനീ ഉപകരണങ്ങൾ' വേറെയുമുണ്ട്. ബിസയർ കമ്പനികളുടെ പ്രാദേശിക സംഗമങ്ങളിൽ എം.എൽ.എമാരോടൊപ്പം രണ്ടോ മൂന്നോ മുസ്‌ലിയാക്കന്മാരുമുണ്ടായിരുന്നുവത്രെ. മൗലവി പറഞ്ഞാൽ ഹറാം ഹലാലാകുന്ന നാട്ടിൽ ഇതിലും നല്ല പ്രചാരണോപാധി വേറെയില്ലല്ലോ!

ഹലാൽ ഹറാമുകൾക്ക് പരിധി നിശ്ചയിക്കുന്നതിന് മുമ്പ് ഹലാലിന്റെ പരിധിയിൽ പോലും സൂക്ഷിക്കേണ്ട യാഥാർത്ഥ്യങ്ങളില്ലേ? 'ഹലാൽ വ്യക്തമാണ്, ഹറാമും വ്യക്തമാണ്. അവക്കിടയിലുള്ളത് ശുബ്ഹത്തുകൾ (അവ്യക്തത നിറഞ്ഞത്)ആണ്. ആർ ശുബ്ഹത്തിനെ സൂക്ഷിച്ചുവോ, അവൻ ദീനിനെ സംരക്ഷിച്ചു'വെന്നാണ് പ്രവാചകൻ പറഞ്ഞത്. മനോഹരമായ ഒരു ഉപമയോടുകൂടിയാണ് പ്രവാചകൻ ഈ വചനം പറഞ്ഞവസാനിപ്പിച്ചത്. 'മേയുന്ന മൃഗം മേച്ചിൽ പറമ്പിൽ മേയുമ്പോൾ അറിയാതെ തന്നെ അടുത്ത പറമ്പിലേക്ക് കയറും.' തെറ്റിലേക്കുള്ള ദൂരം ഹ്രസ്വമാണെന്ന സൂചന പ്രസ്തുത വചനത്തിൽ നമുക്ക് കാണാം.

കച്ചവട മേഖലയിൽ അമിത വരുമാനം വാഗ്ദാനം ചെയ്ത് ഷെയറുകൾ ക്ഷണിച്ചുകൊണ്ടുള്ള പരസ്യങ്ങളെമ്പാടും കാണാം. സംശയം തോന്നുന്നവയെ വർജിക്കണമെന്ന ഇസ്‌ലാമിന്റെ കാഴ്ചപ്പാട് മുൻനിർത്തി, അനുവദനീയത തേടിപ്പോകുന്നതിനേക്കാൾ അവയെ പടിക്ക് പുറത്ത് നിർത്താനാണ് ഒരു വിശ്വാസി ശ്രമിക്കേണ്ടത്.

അറിവിന്റെ അകമ്പടിയോടെയാണ് വിശ്വാസിയുടെ ഓരോ കർമവും. ധനസമ്പാദനവും തഥൈവ. എന്തിലാണ് നിക്ഷേപിക്കാൻ പോകുന്നത്, കമ്പനിയുടെ ബിസിനസ് എന്ത്, സാധാരണ ഗതിയിൽ ഇതിൽ നിന്ന് കിട്ടുന്ന ഡിവിഡന്റിന്റെ (ലാഭവിഹിതം) കണക്കെന്ത്, ഇത്രയും അധികവരുമാനം തരുന്നതിൽ ഒരു അസ്വാഭാവികത യില്ലേ, ഇത്രയും ചോദ്യങ്ങളെങ്കിലും ഒരു മുസ്‌ലിം തന്നോട് തന്നെ ചോദിക്കേണ്ടതായിട്ടില്ലേ? ■